# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 26 | 2022 |
|---|---|



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664
www.sabarimala.kerala.gov.in, prdsabarimala2022@gmail.com

## ശബരീശ സന്നിധിയെ ഭക്തിസാന്ദ്രമാക്കി നൃത്ത അരങ്ങേറ്റം

കഥകളി - ഭരതനാട്യം ജുഗൽ ബന്ദിയും തില്ലാനയുമെല്ലാമായി ശബരീശ സന്നിധിയിൽ നൃത്തച്ചുവടുകളുമായി കുമളി അമൃത നൃത്ത കലാഭവനിലെ വിദ്യാർത്ഥികൾ അരങ്ങും കാഴ്ചക്കാരുടെ മനസ്സും കവർന്നു. അമൃത നൃത്ത കലാഭവനിലെ ഏഴ് കുട്ടി നർത്തകരുടെ അരങ്ങേറ്റവും നാല് യുവ നർത്തകരുടെ നൃത്തച്ചുവടുകളും സന്നിധാനത്തെ അരങ്ങുണർത്തി. കഥകളി സംഗീതത്തിനും മേളങ്ങൾക്കുമൊപ്പം കഥകളി അവതരിപ്പിച്ച കലാമണ്ഡലം പ്രസാദ്, യുവ കലാകാരന്മാരോടൊപ്പം ജുഗൽ ബന്ദിയുടെ ഭാഗമാവുകയും ചെയ്തു. ആർ. എൽ. വി. ഉണ്ണികൃഷ്ണൻ, വിഷ്ണു, അരുൺ രാമചന്ദ്രൻ, ആനന്ദ് എന്നീ യുവനർത്തകരും വാനതി, സിതാര, വാഷ്ണവി, അനാമിക, കപിൻ, അമയ, ബെനിറ്റ എന്നീ കൊച്ചു നർത്തകരും ചുവട് വെച്ചു. ജയൻ പെരുമ്പാവൂർ ആലാപനം, സുനിൽ എസ്. പണിക്കർ മൃദംഗം, അടൂർ ശിവജി വയലിൻ, ശാന്താ മേനോൻ ഇലത്താളം എന്നിവരായിരുന്നു പിന്നണി.

(പി.ആർ.ശബരി - 89)

## ചരക്കുവാഹനങ്ങളിലും ഓട്ടോയിലും ശബരിമലയാത്ര പാടില്ല: മോട്ടോർവാഹന വകുപ്പ്

ചരക്കുവാഹനങ്ങളിലും ഇതരജില്ലകളിൽ നിന്നുള്ള ഓട്ടോകളിലും ശബരിമലയാത്ര ചെയ്യുന്നത് അപകടകരമാണെന്ന് മോട്ടോർവാഹന വകുപ്പ്. പെർമിറ്റ് ലംഘനമായതിനാൽ ഇത് കുറ്റകരവുമാണ്. ഇരുചക്രവാഹനയാത്രയും പാടില്ല. ഇത്തരം യാത്രകൾ ഒഴിവാക്കണമെന്നും എം.വി.ഡി മുന്നറിയിപ്പ് നൽകി. ഉറക്കം ഒഴിച്ചും, ക്ഷീണാവസ്ഥയിലുമുള്ള യാത്രകളും അപകടകരമാണ്. സ്വകാര്യവാഹനങ്ങൾ ഒഴിവാക്കി പൊതുയാത്രാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും വകുപ്പ് അഭ്യർഥിച്ചു. മോട്ടോർവാഹന വകുപ്പിന്റെ സേഫ് സോൺ ഹെൽപ്പ്ലൈൻ നമ്പർ: 9400044991, 9562318181

(പി.ആർ.ശബരി- 90)

## ഇന്നത്തെ ശബരിമല വിശേഷങ്ങൾ (27.11 2022)

പുലർച്ചെ 2.30 മണിക്ക് പള്ളി ഉണർത്തൽ
3 ന്.... നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12.00ന് .... കളഭാഭിഷേകം
12.30ന് .... ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി.ആർ.ശബരി- 91)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.